# Malayala Manorama

# 27 August 2018

# Varapuzha, Relief Camp, Onam, Celebrities



ഓണനാളിൽ തേവർകാട് ഇസബെല്ല ഡി റോസിസ് സ്കൂളിലെ ക്യാംപിൽ എത്തിയ നടൻ മമ്മൂട്ടി വി.ഡി. സതീശൻ എംഎൽഎയോടൊപ്പം വിശേഷങ്ങൾ പങ്കുവയ്ക്കുന്നു.

## ദുരിതാശ്വാസ ക്യാംപിൽ ഓണസദ്യയുണ്ട് താരങ്ങൾ

വരാപ്പുഴ • ഓണനാളിൽ സദ്യയുണ്ണാൻ തേവർകാട് ഇസബെല്ല ഡി റോസിസ് സ്കൂളിലെ ക്യാംപിൽ അപ്രതീക്ഷിത അതിഥികളായി മമ്മൂട്ടിയും സംവിധായകൻ നാദിർഷയും.

ഉച്ചയോടെ ക്യാംപിൽ എത്തിയ ഇരുവരും ക്യാപിലുണ്ടായിരുന്നവരോടൊപ്പം സമയം ചെലവഴിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്ത ശേഷമാണു മടങ്ങിയത്. വരാപ്പുഴ പഞ്ചായത്തിലെ തേവർകാട് ഇസബെല്ല ഡിറോസിസ് സ്കൂളിലെ അവസാന ക്യാംപ് ദിനം കൂടിയായിരുന്നു എന്നതും പ്രത്യേകതയായി.

പറവൂർ മേഖലയിലെ വിവിധ ക്യാംപുകൾ സന്ദർശിച്ച ശേഷമാണ് ഉച്ചയ്ക്ക് ഒരു മണിയോടെ മമ്മൂട്ടിയും കൂട്ടരും ക്യാംപിൽ എത്തിയത്. വി.ഡി. സതീശൻ എംഎൽഎ, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വിജു ചുള്ളിക്കാട് എന്നിവരും മമ്മൂട്ടി എത്തിയ വിവരം അറിഞ്ഞു സ്കൂളിൽ എത്തി. ക്യാംപിന്റെ മേൽനോട്ടം നടത്തിയിരുന്ന പ്രൻസിപ്പൽ സിസ്റ്റർ ജൂലിയറ്റ് കുന്നപ്പള്ളി, സ്കൂൾ മാനേജർ സിസ്റ്റർ ജീജി കുന്നപ്പിള്ളി, അസി. പ്രിൻസിപ്പൽ എൻ.എം. വിജയൻ എന്നിവർ ചേർന്നു ക്യാംപിലേക്കു സ്വീകരിച്ചു.